# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3058**

**22-06-2012 ൽ മറുപടിയ്ക്ക്**

## വൈക്കം നിയോജകമണ്ഡലത്തിലെ തരിശു കൃഷിസ്ഥലങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) വൈക്കം നിയോജക മണ്ഡലത്തിലെ ഓരോ കൃഷിഭവന കീഴിലും ഓരോപഞ്ചായത്തുകളിലു മായി എത്രത്തോളം കൃഷി സ്ഥലങ്ങൾ തരിശായിക്കിടക്കുന്നതാ യി കണക്കാക്കിയിട്ടുണ്ട്; | (എ) വൈക്കം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും തരിശായി കിടക്കുന്ന കൃഷിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| പഞ്ചായത്ത് /കൃഷിഭവൻ | വിസ്തൃതി (ഹെക്ടർ) |
|---|---|
| 1. വെച്ചൂർ | 530 |
| 2. ഉദയനാപുരം | 260 |
| 3. ചെമ്പ് | 170 |
| 4. ടി.വി.പുരം | 80 |
| 5. മറവൻതുരുത്ത് | 120 |
| 6. വൈക്കം | 60 |
| 7. തലയാഴം | 220 |
| ആകെ | **1440** ഹെക്ടർ |

വൈക്കം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി 1440 ഹെക്ടർ കൃഷി സ്ഥലം തരിശായി കിടക്കുന്നതായി കണക്കാക്കിയിട്ടുണ്ട്.

| | |
|---|---|
| (ബി) ഇത്തരം തരിശുനില ങ്ങൾ കൃഷി ചെയ്യുന്ന തിന് കൃഷി വകുപ്പ് പദ്ധതികൾ ആവിഷ്കരി ച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ എന്തെല്ലാം നടപടി കളാണ് കൈക്കൊണ്ടി ട്ടുള്ളത്; | (ബി) തരിശു നില ങ്ങൾ കൃഷി ചെയ്യുന്നതിന് കൃഷി വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചി ട്ടുണ്ട്. ആർ.കെ.വി.വൈ പദ്ധതി പ്രകാരം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുന്നതിനായി കോൺട്രാക്ട് ഫാമിംഗ് പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം നെല്ല്, പച്ചക്കറികൾ, കിഴങ്ങുവർഗവിളകൾ എന്നിവ കൃഷി |

ചെയ്യുന്ന കർഷകർക്കും ഗ്രൂപ്പുകൾക്കും ഹെക്ടറിന് 25000 രൂപ നിരക്കിലും വാഴകൃഷി ചെയ്യുന്നവർക്ക് 35000 രൂപ നിരക്കിലും സഹായം അനുവദിക്കുന്നുണ്ട്. കൃഷിയ്ക്കായി ഭൂമി വിട്ടുകൊടുക്കുന്ന ഭൂവുടമയ്ക്ക് ഒരു ഹെക്ടറിന് 5000 രൂപ നിരക്കിലും സഹായം നല്കുന്നു. തരിശായി കിടക്കുന്ന മുഴുവൻ സ്ഥലവും ഘട്ടം ഘട്ടമായി കൃഷിയോഗ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) 2010-11, 2011-2012 വർഷങ്ങളിൽ വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ കൃഷിഭവനു കീഴിലും പുതുതായി എത്ര തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കി എന്നു വ്യക്തമാക്കുമോ;

(സി) 2010-11, 2011-12 എന്നീ വർഷങ്ങളിലായി വൈക്കം നിയോജക മണ്ഡലത്തിലെ വിവിധ കൃഷിഭവനുകളിലെ 398 ഹെക്ടർ തരിശുനിലം പുതുതായി കൃഷിയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ ഉദയനാപുരം, വൈക്കം മുനിസിപാലിറ്റി, തലയാഴം, എന്നീ കൃഷിഭവനുകളിൽ തരിശായി കിടന്നിരുന്ന 2 ഹെക്ടർ വീതം സ്ഥലം വാഴ, പച്ചക്കറി, കപ്പ എന്നീ വിളകൾ കൃഷി ചെയ്തുവരുന്നു.

(ഡി) 2010-11, 2011-12 വർഷങ്ങളിൽ വൈക്കം നിയോജക മണ്ഡലത്തിലെ ഓരോ കൃഷിഭവനു കീഴിലും എത്ര ഹെക്ടർ വീതം നെൽകൃഷി നടത്തിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

(ഡി) 2010-11, 2011-12 വർഷങ്ങളിൽ വൈക്കം നിയോജക മണ്ഡലത്തിലെ വിവിധ കൃഷിഭവനുകളിൽ നെൽകൃഷി ചെയ്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| കൃഷിഭവൻ | വർഷം | |
|---|---|---|
| | 2010-11 (ഹെക്ടർ) | 2011-12 (ഹെക്ടർ) |
| ഉദയനാപുരം | 90 | 90 |
| തലയാഴം | 430 | 1086 |
| വെച്ചൂർ | 1228 | 1772 |
| ചെമ്പ് | 20 | 50 |
| ടി.വി.പുരം | 60 | 60 |
| ആകെ | **1828** | **3058** |

സെക്ഷൻ ഓഫീസർ